(ബി) കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡെവലപ്മെന്റ് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനവും നാഷണൽ സർവ്വീസ് സ്കീമും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കിയത്.

(ഡി) സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മേയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയും 3500-ൽപ്പരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകളും അവബോധവും നൽകുകയുണ്ടായി. ശില്പശാലകളിൽ പങ്കെടുത്ത യുവതീയുവാക്കളിൽനിന്നും യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവയുടെ വിവരശേഖരണം നടത്തി വിശദമായ ലിസ്റ്റ് തയ്യാറാക്കി വിവിധ തൊഴിൽ മേഖലകളിൽ ഈ യുവതീയുവാക്കൾക്ക് സ്കിൽ ഡെവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി. കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകിയിരുന്നു. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കേറ്ററിംഗ് ടെക്നോളജിയിൽ 65 യുവതീയുവാക്കൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകിയിരുന്നു. ഇവർക്ക് താമസം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി നൽകുകയും പ്രതിമാസം 1,000 രൂപ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു.

പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനം

202(2194) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവർഗ്ഗ കേന്ദ്രങ്ങളെ മാതൃകാ വികസന ഗ്രാമങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ) പട്ടികവർഗ്ഗ മേഖലകളുടെ സുസ്ഥിര വികസനത്തിനായി കൂടുതലായി പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളുടെ സമഗ്ര വികസനം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

2014-15 സാമ്പത്തിക വർഷത്തിൽ വിവിധ ജില്ലകളിലെ പിന്നോക്ക മേഖലകളിലെ തെരഞ്ഞെടുത്ത സങ്കേതങ്ങളിൽ/ഗ്രാമങ്ങളിൽ പ്രോജക്ട് അധിഷ്ഠിത രീതിയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2008-ലെ പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ടിന്റെ വിവിധ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 14 പ്രദേശങ്ങളിലെ (ബ്ലോക്ക്/പഞ്ചായത്ത്) സങ്കേതങ്ങളെ തെരഞ്ഞെടുത്തു. പരപ്പ ബ്ലോക്ക് (കാസർഗോഡ്), ഇരിട്ടി ബ്ലോക്ക് (കണ്ണൂർ), പനമരം ഗ്രാമപഞ്ചായത്ത് (വയനാട്), തിരുനെല്ലി ഗ്രാമപഞ്ചായത്ത് (വയനാട്), പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് (വയനാട്), നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (വയനാട്), നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം), ചിറ്റൂർ താലൂക്ക് (പാലക്കാട്), ചാലക്കുടി ബ്ലോക്ക് (തൃശ്ശൂർ), ദേവികുളം ബ്ലോക്ക് (ഇടുക്കി), അട്ടപ്പാടി ബ്ലോക്ക് (പാലക്കാട്), മൂപ്പനാട് ഗ്രാമപഞ്ചായത്ത് (വയനാട്), മേപ്പാടി ഗ്രാമപഞ്ചായത്ത് (വയനാട്), കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) എന്നിവയാണ് 2014-15 വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങൾ.

കൂടാതെ 2015-16 വർഷത്തിൽ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം എന്നീ നാല് ജില്ലകളിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 30 പട്ടികവർഗ്ഗ സങ്കേതങ്ങളെക്കൂടി ഉൾപ്പെടുത്തി സമഗ്ര വികസന പദ്ധതി നടപ്പിലാക്കൽ പ്രാരംഭഘട്ടത്തിലാണ്.

വികസനത്തിന്റെ ആവശ്യകത അനുസരിച്ച് കൂടുതൽ ഗ്രാമങ്ങളെ/ സങ്കേതങ്ങളെ ഉൾപ്പെടുത്താവുന്നതാണ്. പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സാംസ്കാരിക തനിമയിൽ ഇടപെടാതെയുള്ള സമഗ്ര വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) റോഡ് നിർമ്മാണം/ടാറിംഗ്/മണ്ണിടൽ, നടപ്പാത നിർമ്മാണം, കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി സെന്റർ നിർമ്മാണം, ജീവനോപാധി, ഭവന നിർമ്മാണം/ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യ വികസനം, സ്വയംതൊഴിൽ സംരംഭങ്ങൾ,

LIBRARY ARCHIVES Kerala Legislative Assembly